DESPATCHED On 20/2/2020

31.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.383(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1676/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എ.വി. മോഹനൻ പിള്ള,
ഗായത്രി വീട്,
മുതുകുളം തെക്ക് പി.ഒ.,
ആലപ്പുഴ – 690 506.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ചെങ്ങന്നൂർ നഗരസഭ,
   പി.ബി.8, ആലപ്പുഴ – 689 121.

2. അപ്പീൽ അധികാരി & സെക്രട്ടറി,
   ചെങ്ങന്നൂർ നഗരസഭ,
   ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/12/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/12/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02/01/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01/02/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 03/02/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/04/2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.വി. മോഹനൻ പിള്ള, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 24.1.2015–ലെ മലയാള മനോരമ ദിനപ്പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ചില വിവരങ്ങൾ ടിയാൻ ചെങ്ങന്നൂർ നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ മേൽപ്പടി വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും കോടതി ഉത്തരവ് നടപ്പിലാക്കണമെങ്കിൽ ആയതിന്റെ പകർപ്പ് തീർച്ചയായും ചെങ്ങന്നൂർ

നഗരസഭയിൽ കൊടുത്തിരിക്കണമെന്നും തെറ്റായ വിവരമാണ് ഒന്നാം എതിർകക്ഷി ടിയാന് നൽകിയത് എന്നും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, എക്സ്-സർവ്വീസുകാരായ വ്യാപാരികളിൽ നിന്നും തൊഴിൽ കരം പിരിക്കുന്നത് വിലക്കികൊണ്ട് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും പാണ്ടനാട് ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുള്ളതായി 24.11.2015-ലെ മനോരമ പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ്:

i. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയും പാണ്ടനാട് ഗ്രാമപഞ്ചായത്തും വ്യാപരികളായ എക്സ് സർവ്വീസുകാരിൽ നിന്നും സെൻട്രൽ ഗവൺമെന്റിന്റെ ഓർഡർ മറി കടന്ന് തൊഴിൽ കരം പിരിക്കുന്നതിന് വ്യാപാരികളായ എക്സ് സർവ്വീസുകാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പ്രകാരം പുറപ്പെടുവിച്ച കോടതി ഉത്തരവിന്റെ പകർപ്പും അതിന്മേൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എടുത്ത തീരുമാനങ്ങളുടെ വിവരവും നൽകണമെന്നും

ii. വ്യാപാരികളായ എക്സ് സർവ്വീസുകാരിൽ നിന്നും തൊഴിൽ കരം ഒഴിവാക്കി കൊണ്ടുള്ള സെൻട്രൽ ഗവൺമെന്റിന്റെ അറിയിപ്പ് കാണിക്കുന്ന കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട കോടതി ഉത്തരവിന്റെ പകർപ്പ് നഗരസഭയിൽ ലഭ്യമല്ലെന്നും ആയത് ലഭ്യമാക്കുന്നതിന് നഗരസഭ സ്റ്റാൻഡിംഗ് കൗൺസിലിനെ അറിയിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും 2-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട കത്ത് നഗരസഭയിൽ നിലവിൽ ലഭ്യമല്ല എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ്.

3. നിലവിലെ രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 24.11.2015-ലെ ഒരു പത്ര വാർത്തയുടെ അടിസ്ഥാനത്തിലാണ് ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചതെന്നും എക്സ് സർവ്വീസുകാരായ വ്യാപാരികളിൽ നിന്നും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയും പാണ്ടനാട് പഞ്ചായത്തും തൊഴിൽ കരം പിരിക്കുന്നത് ഹൈക്കോടതി വിലക്കി എന്നതാണ് പത്ര വാർത്ത എന്നും മേൽപ്പടി വിധിയുടെ പകർപ്പും ആയതിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എടുത്ത തീരുമാനങ്ങളുടെ വിവരവുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും കൂടാതെ വ്യാപാരികളായ എക്സ് സർവ്വീസുകാരനിൽ നിന്നും തൊഴിൽ കരം ഒഴിവാക്കി കൊണ്ടുള്ള സെൻട്രൽ ഗവൺമെന്റിന്റെ അറിയിപ്പിന്റെ പകർപ്പും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു എന്നും മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വ്യക്തമായ മറുപടി നൽകിയിരുന്നു എന്നും ചെങ്ങന്നൂർ നഗരസഭ വാദിയോ എതിർകക്ഷിയോ

സാക്ഷിയോ ആയി അപ്രകാരം ഒരു കേസ് ഇല്ല എന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള കോടതി വിധി നഗരസഭയിൽ ലഭിച്ചില്ല എന്നും അപ്രകാരം തന്നെ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള കേന്ദ്ര ഗവൺമെന്റിന്റെ അറിയിപ്പ് നഗരസഭയിൽ ലഭിച്ചിട്ടില്ല എന്നും ആയത് വ്യക്തമാക്കിയാണ് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയത് എന്നും വിമുക്ത ഭടൻമാരായ വ്യാപാരികളിൽ നിന്നും തൊഴിൽ കരം ഈടാക്കുന്നതിനെതിരെ ചെങ്ങന്നൂർ നഗരസഭയ്ക്ക് ഏതെങ്കിലും കോടതിയിൽ നിന്നും നോട്ടീസുകളോ ഉത്തരവുകളോ ലഭിച്ചതിന്റെ രേഖകൾ കണ്ടെത്താനായിട്ടില്ല എന്നും അപ്രകാരം തന്നെ ടി വിഷയത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ എന്തെങ്കിലും ഉത്തരവ് ലഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ എന്തെങ്കിലും അപാകതയുള്ളതായി കമ്മീഷന് ബോധ്യമാകുന്നില്ല. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നു എന്നു കാണിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകാത്തത് വിവരാവകാശ നിയമത്തിലെ 19(6) വകുപ്പിന്റെ ലംഘനമാണ്. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)